മംഗളം

19 February 2017

# സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകണം: ഗവർണർ

**■ ഒരുവർഷം നീളുന്ന ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു**



■ സി.എം.എഫ്.ആർ.ഐയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യുന്നു.

കൊച്ചി: സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനു ഗവേഷകർ പ്രാമുഖ്യം നൽകണമെന്നു ഗവർണർ ജസ്റ്റിസ് പി. സദാശിവം. 70 വർഷം പൂർത്തിയാക്കുന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മലിനീകരണം, കാലാവസ്ഥാവ്യതിയാനം തുടങ്ങി നിരവധി കാരണങ്ങൾ സമുദ്രആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ ഭീഷണിയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഗവേഷകർ പ്രാധാന്യം നൽകണം. മത്സ്യമേഖലയിലെ ഗവേഷണങ്ങളും നിയമനിർമാണങ്ങളും നടത്തുമ്പോൾ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും പ്രാധാന്യം നൽകണം–അദ്ദേഹം പറഞ്ഞു.

അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിനു സി.എം.എഫ്.ആർ.ഐ. കടൽപ്പായലിൽനിന്നു നിർമ്മിച്ച മരുന്ന്, മീനുകളെ പെട്ടെന്നു തിരിച്ചറിയാൻ സഹായകരമാകുന്ന രീതിയിൽ വികസിപ്പിച്ച മൊബൈൽ ആപ്പ് എന്നിവ ഗവർണർ പുറത്തിറക്കി. സി.എം.എഫ്.ആർ.ഐയുടെ വിവിധ പഠന റിപ്പോർട്ടുകളും ഗവർണർ ചടങ്ങിൽ പ്രകാശനം ചെയ്തു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ സി.എം.എഫ്.ആർ.ഐയുടെ പേരു പതിച്ച പ്രത്യേക പോസ്റ്റൽ കവറിന്റെ പ്രകാശനവും ഗവർണർ നിർവഹിച്ചു.

ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു. സി.എം.എഫ്.ആർ.ഐയുടെ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ, എം.പി.ഇ.ഡി.എ. ചെയർമാൻ ഡോ. എ. ജയതിലക് ഐ.എ.എസ്, കേരള മധ്യമേഖല പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ, ഡോ. ജി. മഹേശ്വരുഡു എന്നിവർ പ്രസംഗിച്ചു.